LIBRARY ARCHIVES Kerala Legislative Assembly

സിവിൽസപ്ലൈസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

178 (5263) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിവിൽസപ്ലൈസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ&ബി) ഉണ്ട്. സിവിൽസപ്ലൈസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ. മുഴുവൻ റേഷൻകടകളും കമ്പ്യൂട്ടർവൽക്കരിക്കുക, റേഷൻകടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ്/ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട് ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അവർക്കുള്ള അർഹമായ വിഹിതം ഉറപ്പുവരുത്തുക എന്നുള്ളതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിലൂടെ തിരിമറി പൂർണ്ണമായും തടയാൻ സാധിക്കും. കൂടാതെ ഈ സംവിധാനത്തിലൂടെ ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പരൻസി പോർട്ടൽ, പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും പരാതിക്കാരനും ഉദ്യോഗസ്ഥർക്കും യഥാസമയം സാധിക്കത്തക്കവിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം ഓരോ മേഖലയിലെയും സ്റ്റോക്കിന്റെ സ്ഥിതി, വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവ പോർട്ടലിലൂടെ തത്സമയം അറിയുന്നതിനായി ഒരു ഡിസിഷൻ സപ്പോർട്ട് സിസ്റ്റം എന്നിങ്ങനെ ഓരോ കണ്ണികളും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ

LIBRARY ARCHIVES Kerala Legislative Assembly

സംവിധാനമാണ് മേൽപദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ ഭക്ഷ്യവകുപ്പിന്റെ കീഴിലുള്ള സപ്ലൈകോ മുഖാന്തിരം സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിപണിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ പ്രവർത്തന രേഖയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയേതര നടത്തിപ്പിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപ്പെക്സ് കമ്മിറ്റി, സംസ്ഥാന ഭക്ഷ്യവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്പെഷ്യൽ പ്രോജക്ട് ഇംപ്ലിമെന്റേഷൻ ടീം, സാങ്കേതിക വിഷയങ്ങളിൽ ശിപാർശകൾ സമർപ്പിക്കുന്നതിനായി സിവിൽ സപ്ലൈസ് കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ടെക്നിക്കൽ കമ്മിറ്റി എന്നിവ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. ഇതുകൂടാതെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഒരു ഡാറ്റാബേസ് അഡ്മിനിസ്ട്രേറ്ററെ നിയമിച്ചിട്ടുണ്ട്. സിസ്റ്റം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വേൾഡ് ഫുഡ് പ്രോഗ്രാമിന്റെ സാങ്കേതിക സഹായം ടി പദ്ധതിക്ക് ലഭ്യമാണ്.

പാചകവാതക വിതരണം

179 (5264) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാചകവാതകം ബുക്ക് ചെയ്ത് രണ്ടുമാസം കഴിഞ്ഞിട്ടും ഉപഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; പാചകവാതക വിതരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

പാചകവാതക വിതരണം, ഫില്ലിംഗ് എന്നീ മേഖലകളിലുണ്ടാകുന്ന തൊഴിലാളി സമരം കാരണം പാചകവാതക വിതരണത്തിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സർക്കാർ ഇടപെടുകയും ഗ്യാസ് സിലിണ്ടറുകളുടെ വിതരണം സാധാരണ നിലയിലാക്കുവാൻ